## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3404      22.08.2017-ൽ മറുപടിയ്ക്ക്

**ആഭ്യന്തര വിജിലൻസ് സെൽ**

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിലെ ആഭ്യന്തര വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ; | ഉണ്ട്. ക്രൈംസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ.നിതിൻ അഗ്രവാൾ ഐ.പി.എസ്. ചീഫ് വിജിലൻസ് ഓഫീസറായി വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ട്. പൊതുജന ത്തോടുള്ള പോലീസിന്റെ ഇടപെടൽ, പൊതു സ്ഥലങ്ങളിലുള്ള പോലീസ് നടപടി എന്നിവ സംബന്ധിച്ചും പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫീസുകൾ, സബ് ഡിവിഷണൽ ഓഫീസുകൾ ഉൾപ്പെടെയുള്ള സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുക, പ്രസ്തുത സ്ഥാപന ങ്ങളിലെ വിവിധ തരത്തിലുള്ള അഴിമതി കണ്ടെത്തുക എന്നതുമാണ് സെല്ലിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ, അതാത് പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് സെല്ലിന്റെ തലവനായ ചീഫ് വിജിലൻസ് ഓഫീസർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | കേസന്വേഷണത്തിൽ വീഴ്ച വരുത്തുക, പരാതികൾ അന്വേഷിക്കാതിരിക്കുക, കൈക്കൂലി വാങ്ങുക എന്നീ കുറ്റങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർ ഈ സെല്ലിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുമോ എന്നറിയിക്കാമോ? | പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടുള്ള പ്രസ്തുത പരാതികളെല്ലാം സെല്ലിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ